**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 624 | 09/07/2014-ൽ മറുപടിക്ക്

**അട്ടപ്പാടി ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്തെ വിവിധ മത സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും അനാഥാലയങ്ങളിലേയ്ക്കും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ, ബി & സി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഇത്തരത്തിൽ കടത്തിക്കൊണ്ടുപോകുന്ന കുട്ടികളെ ഉപയോഗിച്ച് സ്ഥാപനങ്ങൾ വൻതോതിൽ ഫണ്ടുകൾ നേടിയെടുക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | | |
| സി | ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കൊണ്ടുപോകുന്നത് ഏതെങ്കിലും അധികാരികളുടെ അറിവോടും അനുമതിയോടും കൂടിയാണോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| ഡി | ആദിവാസി ഊരുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളുടെയും മറ്റ് ജീവിത സാഹചര്യങ്ങളുടെയും അപര്യാപ്തത മുതലെടുത്താണ് ഇത്തരം സ്ഥാപനങ്ങൾ കുട്ടികളെ കടത്തിക്കൊണ്ട്പോകുന്നതെന്ന ആക്ഷേപത്തിലുള്ള നിലപാട് വ്യക്തമാക്കാമോ? | ഡി | ആക്ഷേപം തികച്ചും സത്യവിരുദ്ധമാണ്. സംസ്ഥാനത്തെ പട്ടികവർഗ്ഗ ഊരുകളിൽ നിന്നും വരുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 108 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ, ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടിയ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. അട്ടപ്പാടിയിൽ മാത്രം 16 പ്രീമെട്രിക് ഹോസ്റ്റലുകൾ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അഡ്മിഷനു വേണ്ടി വരുന്ന മുഴുവൻ കുട്ടികളെയും പ്രവേശിപ്പിച്ചു വരുന്നു. ഈ വർഷം ഇതിനോടകം തന്നെ 1365 കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ, മുക്കാലിയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികൾക്ക് പഠിക്കുവാൻ എല്ലാ സൗകര്യങ്ങളും വകുപ്പ് നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം അട്ടപ്പാടിയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും വകുപ്പു തലത്തിൽ ടി ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. ചിണ്ടക്കി, കുലുക്കൂർ, പട്ടിമാളം എന്നിവിടങ്ങളിലായി 3 ആശ്രമം സ്കൂൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ ഊരുകളിൽ നിന്നുമുള്ള കുട്ടികൾ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലയിലെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിച്ചു വരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന ചെലവുകൾക്കായി 2014-15 സാമ്പത്തിക വർഷം 36.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി 464 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഠിക്കാൻ മറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത കാരണത്താൽ മാത്രം പട്ടികവർഗ്ഗ കുട്ടികളെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ട് പോകുന്നു എന്ന ആരോപണം ശരിയല്ല. |

**സെക്ഷൻ ഓഫീസർ**